**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 704** **30-01-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ബിൽ കുടിശ്ശിക അടച്ചുതീർക്കുന്നതിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദ്യുതി ബിൽ കുടിശ്ശിക അടയ്ക്കാത്തത് കാരണം വിച്ഛേദിക്കപ്പെട്ട വൈദ്യുത കണക്ഷനുകൾ കുടിശിക അടച്ചുതീർത്ത് പുനഃസ്ഥാപിക്കാനുള്ള ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്.20.07.2023 മുതൽ ഒറ്റത്തവണ തീർപ്പാക്കൽ (OTS) ബഹുമാനപ്പെട്ട കേര സംസ്ഥാന വൈദ്യുതി റെഗുലേറ്റ കമ്മീഷന്റെ അംഗീകാരത്തോടുകൂട് കെ.എസ്.ഇ,.ബി. ലിമിറ്റഡ് നടപ്പിലാക്ക് വരുന്നു. ഈ പദ്ധതി 30.12.2023 വരെയാണ പ്രാബല്യത്തിൽ ഉണ്ടായിരുന്നത്. എന്നാൽ വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 27.12.2023-ലെ കത്ത് പ്രകാരം ട്രഷറ മുഖാന്തിരം പണമിടപാടുകൾ നടത്തുന്ന ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് ഒറ്റ ത്തവണ തീർപ്പാക്കൽ പദ്ധതി (OTS) 31.03.2024 വരെ നീട്ടിയിട്ടുണ്ട്. കൂടാതെ അർഹതപ്പെട്ട മറ്റ ഉപഭോക്താക്കൾക്കും ഈ പദ്ധത 31.03.2024 വരെ നീട്ടിയിട്ടുണ്ട്. രണ്ട വർഷത്തിന്മേൽ പഴക്കമുള്ള കുടിശ്ശികകൾ പലിശ ഇളവോടുകൂടി ഈ പദ്ധതി പ്രകാരം തീർപ്പാക്കാവുന്നതാണ്. റവന്യൂ റിക്കവറി നടപടികൾ പുരോഗമിക്കുന്നതോ കോടത വ്യവഹാരത്തിൽ ഉള്ളതോ ആയ കുടിശ്ശികകളും ഈ പദ്ധതിയിലൂടെ തീർപ്പാക്കാം. പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br><br>• 15 വർഷത്തിനു മുകളിലുള്ള കുടിശ്ശികകൾക്ക് പലിശ നാല ശതമാനം മാത്രം<br>• 5 മുതൽ 15 വർഷം വരെ പഴക്കമുള്ള കുടിശ്ശികകൾക്ക് പലിശ അഞ്ച ശതമാനം മാത്രം<br>• രണ്ടു മുതൽ അഞ്ചു വർഷം പഴക്കമുള്ള കുടിശ്ശികകൾക്ക് പലിശ ആറ ശതമാനം മാത്രം |

- മുഴുവൻ വൈദ്യുതി കുടിശ്ശികയു പലിശയും ഉൾപ്പെടെ ഒറ്റത്തവണയായി തീർപ്പാക്കിയാൽ ആകെ പലിശ തുകയിൽ രണ്ട് ശതമാനം അധിക ഇളവ് ലഭിക്കാം
- വൈദ്യുതി കുടിശ്ശികകൾക്ക് ഉള്ള പലിശകൾ ആറു തവണകളായി അടയ്ക്കാൻ അവസരമുണ്ട്.
- പലിശ ഇളവ് നൽകുന്നതിന് പുറമേ അടച്ച് പൂട്ടിയ യൂണിറ്റുകൾക്ക് ബില്ലിംഗ ഡിമാന്റിൽ അടഞ്ഞു കിടന്ന സമയത്ത് ഇളവുകൾ നൽകി തീർപ്പാക്കുന്നതാണ്.
- വൈദ്യുതി വിച്ഛേദിച്ചിട്ടുള്ള യൂണിറ്റുകൾക്ക് ആറുമാസത്തിലധിക ബില്ല് ചെയ്തിട്ടുണ്ടെങ്കിൽ ആയത ആറുമാസത്തേക്ക് നിജപ്പെടുത്തി അവരുടെ കുടിശ്ശികയിൽ ഇളവ നൽകാനും ഈ പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്.

കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡിന്റെ ച പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്ക വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരം ആവശ്യമുണ്ട്. കമ്മീഷന്റെ 19.07.2023 ഉത്തരവ് പ്രകാരം പദ്ധതിയിൽ 30.12.2023 വരെ പണം അടയ്ക്കാൻ അവസരം ഉണ്ടായിരുന്നു. തുടർന്ന 27.12.2023-ലെ കത്ത് പ്രകാരം ഗവൺമെന്റ് ഉപഭോക്താക്കൾക്കും, മറ്റു അർഹതപ്പെട്ട ഉപഭോക്താക്കൾക്കും ടി പദ്ധതി പ്രകാരം 31.03.2024 വരെ പണം അടയ്ക്കാൻ അവസരം ഉണ്ട്.

കെ.എസ്.ഇ.ബി.എൽ ലൈസൻസി എന്ന നിലയ്ക്ക് പ്രവർത്തിയ്ക്കുന്നത കെ.എസ്.ഇ.ആർ.സി പുറപ്പെടുവിച്ചിട്ടുള്ള സപ്ലൈ കോഡ് 2014 അനുസരിച്ചാണ് വൈദ്യുതി ചാർജ്ജിൽ കുടിശ്ശിക വരുത്തുന്ന സന്ദർഭത്തിൽ 15 ദിവസത്തിൽ കുറയാതെയുള്ള സമയപരിധിയിൽ നോട്ടീസ നൽകാനും അത് പാലിക്കപ്പെട്ടില്ലെങ്കിൽ വൈദ്യുതി വിച്ഛേദിക്കാനും സപ്ലൈ കോഡ 2014 ചട്ടം 139 നിഷ്കർഷിക്കുന്നു. ഇതു പ്രകാരം വൈദ്യുതി ചാർജ്ജ് സംബന്ധിച്ച വിവര ഡിമാൻഡ് കം ഡിസ്കണക്ഷൻ നോട്ടീസിലൂടെ കെ.എസ്.ഇ.ബി.എൽ ഉപഭോക്താക്കളെ

| | | | |
|---|---|---|---|
| | | | അറിയിക്കുകയും അതിൽ രേഖപ്പെടുത്തിയ സമയപരിധി പാലിക്കപ്പെട്ടില്ലെങ്കിൽ ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ താൽകാലികമായി വിച്ഛേദിക്കുകയും ചെയ്യുന്നു ഇങ്ങനെ താൽക്കാലികമായി വിച്ഛേദിക്കപ്പെട ഒരു വൈദ്യുതി കണക്ഷൻ തുടർച്ചയായി 18( ദിവസം വിച്ഛേദിക്കപ്പെട കിടക്കുകയാണെങ്കിൽ 15 ദിവസത്തെ നോട്ടീസ് ഉപഭോക്താവിന് നൽകിയ ശേഷ വൈദ്യുതി കണക്ഷന്റെ ഉടമ്പടി ഉൾപ്പെട അവസാനിപ്പിക്കാൻ സപ്ലൈ കോഡ് ചട്ട 143 (4) വ്യവസ്ഥ ചെയ്യുന്നുണ്ട്.<br><br>കുടിശ്ശിക അടയ്ക്കാത്തതിനാൽ താൽക്കാലികമായി വിച്ഛേദിക്കപ്പെട വൈദ്യുതി കണക്ഷനുകൾ കുടിശ്ശിക അടയ്ക്കുന്ന പക്ഷം 24 മണിക്കൂറിനുള്ളിൽ സപ്ലൈ കോഡ അനുസരിച്ച് കെ.എസ്.ഇ.ബി.എൽ പുനഃസ്ഥാപിച്ചു നൽകുന്നുണ്ട്. എന്നാൽ വൈദ്യുതി കണക്ഷൻ തുടർച്ചയായി 18( ദിവസം വിച്ഛേദിക്കപ്പെട്ട് കിടന്നതിനെ തുടർന്ന വൈദ്യുതി കണക്ഷന്റെ ഉടമ്പടി ഉൾപ്പെട റദ്ദാകുന്ന സന്ദർഭങ്ങളിൽ വൈദ്യുത കണക്ഷൻ പുനഃ സ്ഥാപിക്കാൻ സാധിക്കുകയില്ല. പകരം പുതിയ വൈദ്യുത കണക്ഷനു അപേക്ഷിച്ച് കണക്ഷൻ എടുക്കുവാൻ മാത്രമ സാധിക്കുകയുള്ളൂ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾക്കു ഈ നിയമം ബാധകമാണ്. |
| (ബി) | പ്രസ്തുത പദ്ധതി നിലവിലുണ്ടെങ്കിൽ എവിടെയാണ് ഈ സേവനങ്ങൾ ലഭ്യമാകുക എന്ന് വ്യക്തമാക്കാമോ? | (ബി) | ഈ ആനുകൂല്യം ലഭിക്കുന്നതിനും, വിശദവിവരങ്ങൾക്കും എച്ച്.റ്റി/ ഇ.എച്ച്.റ്റി ഉപഭോക്താക്കൾ തിരുവനന്തപുരത്തെ സ്പെഷ്യൽ ഓഫീസർ (റവന്യൂ)–ന്റെ വൈദ്യുതി ഭവനം ഓഫീസിലും എൽ.റ്റി. ഉപഭോക്താക്കൾ അതാത് സെക്ഷൻ ഓഫീസുമായിട്ടാണ് ബന്ധപ്പെടേണ്ടത്. |

സെക്ഷൻ ഓഫീസർ